**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള നിലം തരം മാറ്റുന്നതിനും ഉൾപ്പെടാത്ത നിലം തരം മാറ്റുന്നതിനും നൽകിയിട്ടുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം 2018 വകുപ്പ് 27 എ പ്രകാരമുള്ള ഭൂമി തരം മാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് നിയമത്തിലോ ചട്ടത്തിലോ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത അപേക്ഷകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ നിലവിൽ ഉൾപ്പെടുന്നില്ല. അപേക്ഷ നൽകേണ്ടതുണ്ട്. |
| (ഡി) | വില്ലേജ് ഓഫീസിലെ ബി.റ്റി.ആറിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും നികന്ന പണയോ നിലമോ പുരയിടമോ ആയി സബ് രജിസ്ട്രാർ ഓഫീസിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി തരം മാറ്റുന്നതിന് അപേക്ഷ നൽകേണ്ടതുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്തതും എന്നാൽ റവന്യൂ റിക്കാർഡുകളിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ, ഈ നിയമത്തിലെ വകുപ്പ് 2(xviiഎ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നതിനായി ബന്ധപ്പെട്ട ആർ.ഡി.ഒ./സബ് കളക്ടർ മുൻപാകെ അപേക്ഷ നല്കാവുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസുകളിലെ രേഖപ്പെടുത്തലുകൾക്ക്, ടി നിയമ പ്രകാരമുള്ള തരം മാറ്റ വിഷയത്തിൽ പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളുടെ എണ്ണം | ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമി തരം മാറ്റുന്നതിന് ലഭ്യമായ ഓൺലൈൻ അപേക്ഷകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 9495 | 20310 |
| കൊല്ലം | 13497 | 30521 |
| പത്തനംതിട്ട | 7824 | 6819 |
| ആലപ്പുഴ | 15415 | 27995 |
| കോട്ടയം | 6456 | 15025 |
| ഇടുക്കി | 3064 | 1852 |
| എറണാകുളം | 71461 | 51563 |
| തൃശ്ശൂർ | 28891 | 44934 |
| പാലക്കാട് | 32041 | 14721 |
| മലപ്പുറം | 18895 | 20874 |
| കോഴിക്കോട് | 15101 | 15831 |
| വയനാട് | 9828 | 2924 |
| കണ്ണൂർ | 6320 | 34334 |
| കാസറഗോഡ് | 3382 | 5671 |